اتّحاد الأولاد السنيّين لعموم كيرالا
# SAMASTHA KERALA SUNNI BALA VEDI
(Under:SAMASTHA KERALA JAM-IYYATHUL MUALLIMEEN CENTRAL COUNCIL)
സമസ്താലയം, ചേളാരി, പി.ഒ തേഞ്ഞിപ്പലം, പിൻ- 673 636, മലപ്പുറം, ഫോൺ : 8714608987
website : www.sksbvstate.com, Email: sksbvstate@gmail.com

**SKSBV** Circular No/13/2025-2026
11-02-2026

**സമസ്ത കേരള സുന്നി ബാലവേദി സംസ്ഥാന കമ്മിറ്റിയിൽ നിന്ന് സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ , എസ്.കെ.എസ്.ബി.വി ജില്ല , റെയ്ഞ്ച്, മദ്റസ ഭാരവാഹികളെ അറിയിക്കുന്നത്**

**മാന്യരേ,** السّلام عليكم

## റമളാൻ കാമ്പയിൻ 2026

**പുണ്യങ്ങളുടെ വസന്തകാലമായ വിശുദ്ധ റമളാൻ വിളിപ്പാടകലെ എത്തിനിൽക്കുകയാണല്ലോ. പുണ്യമാസത്തെ നന്മകൾ കൊണ്ട് ധന്യമാക്കാൻ നാഥൻ തൗഫീഖ് നൽകട്ടെ!**

**"റമളാൻ ആത്മീയതയുടെ അമൃതകാലം" എന്ന പ്രമേയത്തിൽ റമളാൻ 1 മുതൽ 30 വരെ SKSBV സംസ്ഥാന കമ്മിറ്റി ആചരിക്കുന്ന റമളാൻ കാമ്പയിനിന്റെ ഭാഗമായി താഴെപ്പറയുന്ന പരിപാടികൾ സമയബന്ധിതമായി സംഘടിപ്പിക്കേണ്ടതാണ്.**

◉ റമളാൻ ഒന്നിനു മുമ്പ് ജില്ലാതല ഉദ്ഘാടനങ്ങൾ സംഘടിപ്പിക്കുക.

### ➢ നള്വാഫ:
◉ ശഅ്ബാൻ 29ന് മുമ്പായി യൂണിറ്റ് തലങ്ങളിൽ പള്ളി മദ്റസകളും പരിസരങ്ങളും ശുചീകരിക്കുക

### ➢ ബദ്ർ സ്മരണ
◉ റമളാൻ 17ന് മദ്റസകളിൽ ബദ്ർ മൗലിദ് പാരായണവും അനുസ്മരണവും സംഘടിപ്പിക്കുക.
◉ മഹല്ല് മദ്റസാ കമ്മിറ്റികൾക്ക് കീഴിൽ നടന്നുവരുന്ന ബദ്രീങ്ങളുടെ ആണ്ട് നേർച്ച – മൗലിദ് പരിപാടികളിൽ എസ് കെ എസ് ബി വി ഭാരവാഹികളുടെയും വിദ്യാർത്ഥികളുടെയും സജീവ പങ്കാളിത്തവും സഹകരണവും ഉറപ്പു വരുത്തുക

### ➢ ഖത്മുൽ ഖുർആൻ
◉ റമളാൻ അവസാന പത്തിലെ ഒരു ദിവസം മദ്റസയിൽ ഒരുമിച്ചിരുന്ന് വിദ്യാർത്ഥികളെല്ലാവരും കൂടി ഖുർആൻ ഒരു ഖത്മ് എങ്കിലും പൂർത്തിയാക്കുകയും ഉസ്താദുമാരുടെ നേതൃത്വത്തിൽ ദുആ നടത്തുകയും ചെയ്യുക

### ➢ പെരുന്നാൾ മധുരം
◉ മദ്റസാ പരിധിയിലെ പള്ളിയിൽ നിന്നും ചെറിയ പെരുന്നാൾ നിസ്കാരം കഴിഞ്ഞിറങ്ങുന്ന വിശ്വാസികൾക്ക് മധുരവും ആശംസ കാർഡും വിതരണം ചെയ്യുക.

# إِقْرَأْ

# QURAN TALENT SHOW

**റമളാൻ കാമ്പയിനിന്റെ ഭാഗമായി മദ്റസാ തലം മുതൽ സംസ്ഥാന തലം വരെ നടക്കുന്ന പ്രോഗ്രാമാണിത്. നിയമവിധേയമായും സമയക്രമം പാലിച്ചും സംഘടിപ്പിക്കാൻ ശ്രദ്ധിക്കുക.**

**നിബന്ധനകൾ**

⊙ സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിന്റെ അംഗീകാരമുള്ളതും **SKSBV** അംഗീകൃത യൂണിറ്റ് പ്രവർത്തിക്കുന്നതുമായ മദ്റസകളിലെ 6 ,7,8 ക്ലാസുകളിൽപഠിക്കുന്ന ആൺകുട്ടികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.

⊙ മൂന്നുപേരടങ്ങുന്ന ജഡ്ജിങ്ങ് പാനലാണ് മത്സരങ്ങളിൽ വിധി നിർണയിക്കേണ്ടത്.

⊙ വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും .

⊙ അപ്പീലുകളും പരാതികളും പരിഗണിക്കുന്നതല്ല.

⊙ മദ്റസാ തലത്തിൽ ഒന്നാം സ്ഥാനവും **A** ഗ്രേഡും ലഭിക്കുന്ന ഒരു വിദ്യാർത്ഥിക്ക് റെയ്ഞ്ച് തലത്തിലും റെയ്ഞ്ച് മത്സരത്തിൽ ഒന്നാം സ്ഥാനവും **A** ഗ്രേഡും ലഭിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ജില്ലാതലത്തിലും ജില്ലാ മത്സരത്തിൽ **A** ഗ്രേഡോടെ 1, 2 സ്ഥാനം നേടുന്ന വിദ്യാർത്ഥികൾക്ക് സംസ്ഥാന തല മത്സരത്തിലും പങ്കെടുക്കാൻ യോഗ്യതയുണ്ടാവും.

⊙ മത്സരങ്ങളിൽ ഒന്നിലധികം ഫസ്റ്റ് ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക

⊙ ഓരോ മത്സരങ്ങൾ അവസാനിക്കുമ്പോഴും അതത് ഘടകങ്ങൾ മേൽഘടകങ്ങൾക്ക് സമയ ബന്ധിതമായി ലിസ്റ്റ് കൈമാറേണ്ടതാണ്.

⊙ **ഓതേണ്ട ഭാഗം:**

| | |
|---|---|
| മദ്റസ തലം | : 30 –ാം ജുസ്അ് |
| റെയ്ഞ്ച് തലം | : 29 –ാം ജുസ്അ് |
| ജില്ലാ & സംസ്ഥാന തലം | : 1,2 ജുസ്അ് |

⊙ **സമയക്രമം :**

| | |
|---|---|
| മദ്റസ തലം | : റമളാൻ 10 നകം |
| റെയ്ഞ്ച് തലം | : റമളാൻ 20 നകം |
| ജില്ലാ തലം | : റമളാൻ 30 നകം |
| സംസ്ഥാന തലം | : മെയ് 15 നകം |

⊙ **മാർക്ക് മാനദണ്ഡങ്ങൾ**

1. സാംസ്കാരിക വ്യക്തിത്വം (വേഷം, വൃത്തി) = 10
2. ഉച്ചാരണ ശുദ്ധി (മഖ്റജ് 15 ശദ്ദ് 5, മദ്ദ് 5) = 25
3. പാരായണ നിയമം (ഇള്ഹാർ, ഇഖ്ലാബ് , ഇഖ്ഫാഅ് , ഇദ്ഗാം, തുടങ്ങിയവ...) = 35
4. ശൈലി (വഖ്ഫ് 5 ഇബ്തിദാഅ് 5, ശബ്ദമാധുര്യം 5, രാഗാത്മകത 5 ) = 20
5. പാരായണ രീതി (ഒഴുക്ക് 10) = 10

⊙ **ഗ്രേഡ് നില**

1. 80 മാർക്കിന് മുകളിൽ = **A**
2. 70 മാർക്കിന് മുകളിൽ = **B**
3. 60 മാർക്കിന് മുകളിൽ = **C**

**എന്ന്**
**ഹർഷാദ് കുറ്റിക്കടവ് (ഒപ്പ്)**
**ജനറൽ സെക്രട്ടറി**
**SKSBV സംസ്ഥാന കമ്മിറ്റി**

SAMASTHALAYAM CHELARI
P.O
THENHIPPALAM
PIN :673 636
SKSBV

**സമസ്താലയം**
**11-02-2026**

---